**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 231** **22-07-2021 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജക മണ്ഡലത്തിൽ ആകെ എത്ര വീട്ടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | സമ്പൂർണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജക മണ്ഡലത്തിൽ 1615 വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിക്കുന്നതിനായി ആകെ 143.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 30 ലക്ഷം രൂപ MLA യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീട്ടുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; ഇതിനായി എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | വയറിങ് പൂർത്തീകരിച്ചുകൊണ്ടു വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ൽ പറഞ്ഞിരിക്കുന്ന സമയ പരിധി പാലിച്ചു കൊണ്ട് കെ.എസ്ഇ.ബി ലിമിറ്റഡ് വൈദ്യുതി കണക്ഷൻ നൽകി വരുന്നു. എന്നാൽ വയറിങ് പൂർത്തീകരിക്കാത്തതോ വയറിങ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷനു അപേക്ഷ സമർപ്പിക്കാത്തതോ ആയ വീട്ടുകളുടെ എണ്ണം കെ.എസ്.ഇ.ബി ലിമിറ്റഡിൽ ലഭ്യമല്ല. നിലവിൽ 1000 W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും, 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി KSEBL-ന്റെ ഫണ്ട് ഉപയോഗിച്ച് നൽകി വരുന്നു. ഇനിയും വൈദ്യുതി കണക്ഷൻ എടുക്കാത്ത വീട്ടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ശേഖരിക്കുവാനും തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കാനും KSEBL നടപടി ആരംഭിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിനു ആവശ്യമായ തുക തദ്ദേശ സ്വയംഭരണ വകുപ്പ്/പട്ടിക വർഗ്ഗ വകുപ്പ് /ഉപഭോക്താവ് അടയ്ക്കുന്ന മുറയ്ക്ക് വൈദ്യുതീകരണം പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ